# വൻ ഹാൻസ് ശേഖരം പിടികൂടി

ആലുവയിലും പരിസര പ്രദേശങ്ങളിലും ഹാൻസ് വില്പ്പന നടത്തി വന്ന സംഘം ആലുവ പോലീസിൻെറ പിടിയിലായി. ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ ഫൈസലിൻെറ നേതൃതത്തിലുള്ള ടീം ആണ് വൻതോതിലുള്ള ഹാൻസ് ശേഖരം പിടികൂടിയത്.

ആലുവ ഡി വൈ എസ് പി പ്രഫുല്ല ചന്ദ്രന് ലഭിച്ച വിശ്വാസയോഗ്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഡി വൈ എസ് പി യുടെ നിർദ്ദാശാനുസരണം സ്റ്റേഷൻപരിധിയിൽ പെട്ട സ്ഥലങ്ങളിൽ ആലുവ എസ് ഐ യും പാർട്ടിയും സ്പെഷ്യൽ പട്രോളിങ് നടത്തുന്നതിനിടെ 27.08.2017 തീയതി ഉച്ചക്ക് ശേഷമാണ് ആലുവ എസ് എൻ ഡി ഹൈസ്കൂളിന് സമീപം വാഹന പരിശോധന നടത്തുന്നതിനിടെ ഒരു ഓട്ടോറിക്ഷയിൽ നിന്നുമാണ് വില്പനക്കായി കൊണ്ടു വന്ന ഹാൻസും മറ്റു പുകയില ഉല്പന്നങ്ങളും പിടികൂടിയത്.

വയനാട് ജില്ല സുൽത്താൻ ബത്തേരി താലൂക്ക് മാധവത്ത് വീട്ടിൽ സാജു മകൻ മിഥുൻ ഓട്ടോ ഡ്രൈവർ റനീഷ് എന്നിവരാണ് പോലീസ് പിടിയിലായത്., 3060 പാക്കറ്റ് ഹാൻസ് ഉൾപ്പെടെയുള്ള

പുകയില ഉല്പന്നങ്ങൾ പ്രതികളിൽ നിന്നും പിടിച്ചെടുത്തു. മുഖ്യ പ്രതിയായ എറണാകുളം ജില്ല കുന്നത്തുനാട് താലൂക്ക് മാറംപിള്ളി വില്ലേജ് കുതിരപ്പറമ്പ് കരയിൽ വടക്കനേത്തി വീട്ടിൽ മുഹമ്മദ് മകൻ റിയാസിന് വേണ്ടിയും ഹാൻസിൻെറ ഉറവിടത്തെ കുറിച്ചും കൂടുതൽ അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു.

മുഖ്യ പ്രതിയായ റിയാസ് ബാംഗ്ലൂരിൽ നിന്നുമാണ് പുകയില ഉല്പന്നങ്ങൾ കൊണ്ടുവരുന്നത് . അന്വേഷണ സംഘത്തിൽ ആലുവ SHO യെ കൂടാതെ എ എസ് ഐ ബിനോയി, എസ് സി പി ഒ മാരായ സജീവ് കുമാർ, കമലാസനൻ CPO മാരായ നവാബ്, ഷമീർ, അബൂബക്കർ എന്നിവരും ഉണ്ടായിരുന്നു.